"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ഐ.മുഹമ്മദ് ഫർഹാൻ ന്റെ മകന്റെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2166/2024/LSGD തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:-

1. 22.04.2013 -ലെ G.O.(P)No.144/2013/ H&FWD നമ്പർ ഉത്തരവ്
2. 5.12.2017-ലെ G.O.(Ms) )No.184/2017/H&FWD നമ്പർ ഉത്തരവ്.
3. ശ്രീ. ഐ.മുഹമ്മദ് ഫർഹാൻ ന്റെ 07.02.2022-ലെ അപേക്ഷയും ബില്ലുകളും.
4. കാളികാവ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03.03.2022 ലെ 8/1 നമ്പർ തീരുമാനം.
5. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 05.08.2023-ലെ സി5/7043/2023 നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.03.2024 - ലെ LSGD/PD/65549/ 2023-DEG2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ഐ.മുഹമ്മദ് ഫർഹാൻ-ന്റെ മകന്റെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ആശുപത്രിൽ ചെലവായ 50,236/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (5) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ അനുവദനീയമായ 25,794/- രൂപയുടെ 80% ആയ 20,635/- രൂപ (ഇരുപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ഐ.മുഹമ്മദ് ഫർഹാൻ-ന്റെ മകന്റെ ചികിത്സയ്ക്കായി 23.12.2021 മുതൽ 30.12.2021 വരെ പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള

25,794/- രൂപയുടെ 80% ആയ 20,635/- രൂപ (ഇരുപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) നിലവിലെ KGSMA ചട്ടം 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്നും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയ്ക്കും വിധേയമായി , കാളികാവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, കാളികാവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

ശ്രീ. ഐ.മുഹമ്മദ് ഫർഹാൻ , ക്ലാർക്ക്, കാളികാവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/333/2024/LSGD ).

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 12-11-2024 13:18:13

സെക്ഷൻ ഓഫീസർ